# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 31-01-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 3937

**എമർജിംഗ് കേരളയും വിവിധ പ്രോജക്ടുകളും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) എമർജിംഗ് കേരള എന്ന പേരിൽ സംസ്ഥാനസർക്കാർ സംഘടിപ്പിച്ച വ്യവസായ സംരംഭകത്വപരിപാടി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ യായിരുന്നു; | (എ) എമർജിംഗ് കേരള സംരംഭകത്വ പരിപാടി യായിരുന്നില്ല സംസ്ഥാനത്തു ലഭ്യമായ വിഭവങ്ങളും സാധ്യതകളും ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുക എന്നതും വികസനാധിഷ്ഠിതവും നിക്ഷേപ സൗഹൃദപരവുമായ അന്തരീക്ഷത്തിലൂടെ സംസ്ഥാനത്തെ നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുകയെന്നതായിരുന്നു എമർജിംഗ് കേരളയുടെ ലക്ഷ്യം. ദീർഘ കാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മ പദ്ധതി കളും നിർദ്ദേശങ്ങളും സ്വരൂപിക്കുക എന്നതും എമർജിംഗ് കേരളയിലൂടെ ലക്ഷ്യമിട്ടിരുന്നു. |
| (ബി) എമർജിംഗ് കേരള മുഖാന്തിരം നടപ്പാ ക്കുന്ന ഓരോ പദ്ധതിക്കും സംസ്ഥാന സർക്കാരിന് എത്ര രൂപയാണ് മൂല ധന നിക്ഷേപമായി നൽകേണ്ടിവരിക; എന്നത്തേയ്ക്ക് ഈ പദ്ധതികൾ ആരംഭിക്കാൻ കഴിയും; വിശദവിവര ങ്ങൾ ലഭ്യമാക്കാമോ; | (ബി) എമർജിംഗ് കേരളയിൽ ലഭിച്ച 177 പദ്ധതികളിൽ വ്യവസായവകുപ്പിനു കീഴിൽ വന്ന 46 പദ്ധതി നിർദ്ദേശങ്ങളിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങ ളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. പ്രസതുത പദ്ധതികളുടെ മുതൽമുടക്കായി എകദേശം 20969 കോടി രൂപ യാണ് പ്രതീക്ഷിക്കുന്നത്. ഈ പദ്ധതികൾക്ക് സംസ്ഥാന സർക്കാരിന്റെ മൂലധന നിക്ഷേപങ്ങൾ ഇല്ല. വിശദ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.<br><br>കേളചന്ദ്ര പോളിമേഴ്സിന്റെ എച്ച്.ഡി.പി.. സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ട്രയൽ ഉൽപ്പാദനം 09/09/2013 ൽ ആരംഭിച്ചു. 12,000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എൽ-ന്റെ കൊച്ചിൻ റിഫൈനറി |

യുടെ എക്സ്പാൻഷൻ പ്രോജക്ട് 2013 ജനുവരിയിൽ ബഹു പ്രധാനമന്ത്രി ശിലാസ്ഥാപനം ചെയ്യുകയുണ്ടായി. 6000 കോടി രൂപ മുതൽമുടക്കു വരുന്ന പെട്രോകെമിക്കൽ പാർക്ക് കൊച്ചി അമ്പലമുകളിൽ സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു.

എ.കെ. ഗ്രൂപ്പിന്റെ എറണാകുളത്ത് സ്ഥാപിക്കുന്ന 200 കോടി രൂപ മുതൽ മുടക്കുള്ള ബയോ നൂട്ര പാർക്കിന്റെ ഒന്നും രണ്ടും ഘട്ടത്തിന്റെ പ്രവർത്തനം 2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

ഭക്ഷ്യ സംസ്ക്കരണം, ബയോ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം മുതലായ പദ്ധതികളുടെ തുടർനടപടികൾ പൂർത്തിയായി വരുന്നു.

ടൂറിസം വകുപ്പിനു കീഴിൽ കേരളത്തിലെ സുപ്രാധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉൽഘാടനം നിർവഹിച്ചു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സിന്റെ ആദ്യ ബാച്ചിന്റെ ഉൽഘാടനം 2014 ജനുവരി 28 ന് നടന്നു കഴിഞ്ഞു. കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആട്ടോമോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക്ക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ

മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ, മറ്റു പദ്ധതി കളുടെ പരിസ്ഥിതി ക്ലിയറൻസ് പഠനം, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്. Gateway Distriparks Kerala Limited ന്റെ 50 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പദ്ധതിയുടെ പ്രവർത്തനം 2013 ഫെബ്രുവരി 12 ൽ ആരംഭിച്ചു.

**(സി)** ഇതുവഴി എത്രപേർക്ക് തൊഴിൽ ലഭ്യമാകും;

**(സി)** പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. അവ മൂലം എത്രപേർക്ക് തൊഴിൽ ലഭ്യമാകുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

**(ഡി)** മുൻപ് നടത്തിയ ജിം (ജി.ഐ.എം.) കം എമർജിംഗ് കേരളയുമായുള്ള വ്യത്യാസമെന്ത്?

**(ഡി)** കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറം ലോകത്തിനു മുൻപിൽ അവതരിപ്പിക്കുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് എമർജിംഗ് കേരള സംഘടിപ്പിച്ചത്. എന്നാൽ ജിം കേരളത്തിലേയ്ക്ക് വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന മുഖ്യലക്ഷ്യത്തോടു കൂടിയാണ് സംഘടിപ്പിച്ചത്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| SL. No. | PROJECT | Company / Promoter |
|---|---|---|
| 1 | Kochi Refinery Expansion Project | BPCL |
| 2 | Petrochemical JV Projects of BPCL | JV with suitable partner (in talks with Manali Petrochemicals, Chennai) |
| 3 | Poly Iso Butylene (PICB) Project | Kothari Petrochemicals, Chennai |
| 4 | Cumene Plant | Deepak Nitrite Ltd., (DNL) Vadodara |
| 5 | EPDM Rubber Project | Duncan Goenka Group |
| 6 | Eco-friendly Gypsum based new generation building material manufacturing unit | Ajith Carbons & Pigments Ltd (Jass Blocks & Coatings Ltd.) |
| 7 | Nano Biotech Special Economic Zone & Knowledge City | Pushpagiri Group of Institutions |
| 8 | Mini Food Park (Bio Nutra Park) | Akay Flavours Group |
| 9 | Milk processing Plant | Muralya Dairy Product |
| 10 | Bio medical Devices Hub | Terumo Penpol, SCTIMST & HLL Lifecare Ltd. |
| 11 | Bio Similar Drug Manufacturing unit | Mir Group |
| 12 | HDPE Storage Tank manufacturing unit | Kelachandra Group |
| 13 | Pre-stressed& Pre-fabricated Housing Component | E-Cub Structural combines |
| 14 | Manufacture of Cellulose Nano fiber | Banana Fibril Ventures |
| 15 | Automatic Concrete Block Manufacturing Unit | Tasa Blocks & Tiles |
| 16 | Ready-to-Eat & Ready-to-Cook Food Items | Chandrakanth Enterprises |
| 17 | Dairy farm & Meat processing unit | Idukki District Pravasi Co-operative Society |
| 18 | Animal husbandry, Agriculture & Floricultur Farms | Kamarudheen Aboobacker (Group of 25 NRIs from Gulf) |
| 19 | Integrates Dairy Farm | Palmount Farms India Ltd. |